കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കിഴക്കേ കല്ലട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 4/1446/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –24 /08/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് 2016 - 2017 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി4/1446/2017തീയതി:24/08/2017

## കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-10-2016 മുതൽ 31-03-2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 03-07-17മുതൽ<br>18-07-17വരെ | |
| ഓഡിറ്റ് നടത്തിയ | ശ്രീമതി.ജി.സിന്ധു | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| ഉദ്യോഗസ്ഥർ | | (ഹയർ ഗ്രേഡ്) |
| | ശ്രീമതി.ഷീബാകൃഷ്ണൻ.വി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സുലേഖ.എ.എസ് | ഓഡിറ്റർ (10-07-17മുതൽ) |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എംവിജയൻ | 1-04-16മുതൽ 31-03-17വരെ |
| സെക്രട്ടറി | ശ്രീ.സി.വൈ.ജോസ് | 1-4-16 മുതൽ 23-9-16 FN വരെ |
| | ശ്രീ.എം.ജ്യോതിരാജ് | 23-9-16 AN മുതൽ 31-3-17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് സെക്രട്ടറി | വിനയകുമാർ | 01-04-2016 മുതൽ 31-03-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.റീജ.എസ്.ദരൻ | 1-04-16 മുതൽ 31-3-17 വരെ |
| വി.ഇ.ഓ | ശ്രീ.കെ.പി.ബാബു | 1-04-16 മുതൽ 31-03-17 വരെ |
| വെറ്റിനറി സർജൻ | ഡോ.സോജ | 1-04-2016മുതൽ 31-03-2017 വരെ |
| എ.ഇ | ശ്രീ.യേശുദാസ്.എക്സ് | 1-04-2016 മുതൽ 27-08-2016 FNവരെ |
| | ശ്രീമതി.പ്രിയങ്ക | 27-08-16മുതൽ 7-9-16 FN വരെ |
| | ശ്രീ.വിഷ്ണു.ആർ | 7-9-16 AN മുതൽ 31-03-2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | കുമാരി ശ്രീദേവി | 01-04-2016 മുതൽ |

| | | |
|---|---|---|
| | | 31-03-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജമീല | 01-04-2016 മുതൽ 31-03-2017 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.അനുപ അലക്സ് | 1-4-16 മുതൽ 31-3-17വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.കെ.എസ്. പ്രമോദ് കുമാർ | 1-4-16 മുതൽ 31-3-17വരെ |
| എച്ച് എം. | ശ്രീമതി.ഡെയ്സിസാമുവൽ | 01-04-16 മുതൽ 31-03-17വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.നൗഷർഖാൻ | 01-04-16 മുതൽ 31-03-17വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൽ | 2-1 |
| 13 | കടമുറികളുടെ വാടക ഈടാക്കിയില്ല | 2-2 |
| | ഭാഗം 3 | |
| 14 | സ്ട്രീറ്റ് ലൈറ്റ് (എൽ.ഇ.ഡി) സ്പോർട്ട് ലൈറ്റ് വാങ്ങലും സ്ഥാപിക്കലും | 3-1 |
| 15 | ലാൻ കണക്ഷൻ ആയി കെൽട്രോണിന് നൽകിയ തുക – പൂർത്തീകരണ രേഖയില്ല | 3-2 |
| 16 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-3 |
| 17 | ശിങ്കാരപ്പള്ളി കുടിവെള്ള പദ്ധതി – പമ്പ് ഓപ്പറേറ്ററുടെ വേതനം നൽകിയത് | 3-4 |
| 18 | ഭവനപുനരുദ്ധാരണം (ജനറൽ)-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-5 |
| 19 | മെഡിക്കലോഫീസർ (പി.എച്ച്.സി)-മരുന്ന വാങ്ങൽ രേഖകൾ ലഭ്യമാക്കിയില്ല | 3-6 |
| 20 | കിടാരി വളർത്തൽ-ഇൻഷ്വറൻസ് വിശദാംശങ്ങളില്ല | 3-7 |
| 21 | മൽസ്യതൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും നൽകൽ-വിതരണം ചെയ്യാത്ത ഫർണിച്ചറിന്റെ വില 16000/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |

| | | |
|---|---|---|
| 22 | ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി മുൻകൂർ തുക നൽകി-വിനിയോഗവിശദാംശമില്ല-2,00,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-9 |
| 23 | ഓട്ടോറിക്ഷ വാങ്ങുവാൻ ധനസഹായം-ബാഡ്ജ് പുതുക്കണം | 3-10 |
| 24 | ലാപ് ടോപ് വിതരണം-3എണ്ണം വിതരണം ചെയ്തില്ല-74,100/-രൂപ തടസ്സപ്പെടുത്തുന്നു | 3-11 |
| 25 | മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല | 3-12 |
| 26 | ടെണ്ടർ കുറവ് പരിഗണിക്കാതെ ബിൽ അനുവദിച്ചതുവഴി നഷ്ടം | 3-13 |
| 27 | കോൺക്രീറ്റിംഗ്-അധിക നിരക്ക് നൽകിയത് | 3-14 |
| 28 | പ്രവൃത്തി നിർവ്വഹണത്തിലെ കാലതാമസം- ഫൈൻ ഈടാക്കിയതിൽ കുറവ് | 3-15 |
| 20 | ഒന്നാം മെറ്റലിംഗിൽ മാത്രം ഒതുക്കി പ്രോജക്ടുകൾ നടപ്പാക്കി | 3-16 |
| 30 | കിഴക്കേകല്ലട കമ്മ്യൂണിറ്റി കോമ്പൌണ്ടിൽ ഹോമിയോ ആശുപത്രി -നിർമ്മാണം പൂർത്തിയായിട്ടില്ല | 3-17 |
| 31 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-18 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | 4-10 |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01-03-2016 തിയതിയിലെ I-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2017 | 16-06-2017 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14-07-2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

അപാകതകളുടെ സംഗ്രഹം

1.വികലാംഗ പെൻഷൻ ഇനത്തിൽ ലഭിച്ച 29,94,025/-രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2.കെ.എസ്.ഇ.ബിയിൽ മുൻ വർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള 3,78,000/-രൂപ ഇപ്പോഴും വിനിയോഗിക്കാതെ നീക്കിയിരുപ്പായി അവശേഷിക്കുന്നു.

3.ബ്ലോക്ക് -ജില്ലാ പഞ്ചായത്ത് വിഹിതം ലഭിച്ചത് തനത് ഫണ്ട് വരവ് ചെലവുകളായാണ് കണക്കാക്കിയിരിക്കുന്നത്.

4.തടി ലേലവുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് ഡെവലപ്മെന്റ് ടാക്സ് ആയി ഈടാക്കിയ 1,005/- രൂപ അടവാക്കാതെ തനത്ഫണ്ടിൽ അവശേഷിക്കുന്നു.

5.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7964195.44 |
| വരവ് | 40500249 |
| ആകെ | 48464444.44 |
| ചെലവ് | 41189793 |
| നീക്കിയിരിപ്പ് | 7274651.44 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 9686301 | 9686301 | 9686301 | - | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 5176850 | 5176850 | 5176850 | - | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | 23532 | 23532 | 23532 | - | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 1567193 | 1567193 | 1567193 | - | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 932634 | 932634 | 932634 | - | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 3453451 | 3453451 | 3453451 | - | 100 |
| പെർഫോമൻസ് ഗ്രാന്റ് | - | 1738492 | 1738492 | 1738492 | - | 100 |
| എം.എൻ.ആർ.ഇ.ജി.എസ്. | 2576 | 17399097 | 17401673 | 17300595 | 101078 | 99.41 |
| ബി ഫണ്ട് | - | 25953455 | 25953455 | 25953455 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 151 | 54047855 | 81 | 27403232 | 42 | 28 | 53.64 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2584410 | 2771494 | 187084 | 7 |
| നികുതിയേതര വരവുകൾ | 674246 | 940261 | 266015 | 39 |
| മറ്റുവരവുകൾ | 6598837 | 7338931 | 740094 | 11 |
| ആകെ | 9857493 | 11050686 | 1193193 | 12 |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 242760 | 135 |
| കർഷകതൊഴിലാളി പെൻഷൻ | 2103960 | 222 |
| വിധവാപെൻഷൻ | 11026370 | 958 |
| വാർദ്ധക്യകാലപെൻഷൻ | 9050940 | 1084 |
| വികലാംഗപെൻഷൻ | 2994025 | 277 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 415400 | 42 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-07-2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2283/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നു. ക്യാഷ് ബുക്ക്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തുടങ്ങിയ രജിസ്റ്ററുകൾ യഥാവിധി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ആസ്തി രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, എന്നിവ കാലികമാക്കിയിട്ടില്ല. തെരുവുവിളക്കുകളുടെയും സ്ട്രീറ്റ് ടാപ്പുകളുടേയും എണ്ണം, തരം എന്നിവ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ പരിപാലനത്തിനായി വാങ്ങുന്ന സാധന സാമഗ്രികൾ യഥാവിധി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുന്നില്ല. ഇൻക്യുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ജനറൽ കമ്മറ്റി, സ്റ്റാന്റിംഗ് കമ്മറ്റി മിനിട്സ് ബുക്കുകൾ യഥാസമയം എഴുതി പൂർത്തിയാക്കുന്നില്ല. മിനിട്ട്സിൽ പ്രസിഡന്റ് ഒപ്പു രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28-06-2017 | 04/2017, 05/2017 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-05-2008 | 1997-98 | 05-07-2008 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1) കിഴക്കേകല്ലട ഗ്രാമപഞ്ചായത്ത് ജീവനക്കാരായ ശ്രീ.രാജേഷ്, ശ്രീമതി.ശോഭന എന്നിവരിൽ നിന്ന് 2016-17 രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | തസ്തിക | അർദ്ധവർഷ വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|
| ശ്രീ.രാജേഷ് | ക്ലാർക്ക് | 141240/- | 1000/- | 1250 | 250 |
| ശ്രീമതി.ശോഭന | ക്ലാർക്ക് | 144834/- | 1000/- | 1250 | 250 |

ഈ വിഷയം സംബന്ധിച്ച് ഓഡിറ്റന്വേഷണം നൽകിയതിനെ തുടർന്ന്(നം.9/16-17/12-07-17) കുറവുവന്ന തുക 13-07-17 ലെ 1170101006890ം നമ്പർ രസീതിൻപ്രകാരം പലിശ സഹിതം(550/-രൂപ) ഒടുക്കുവരുത്തിയിട്ടുണ്ട്.

2)ചിറ്റുമല മാവേലി സ്റ്റോറിൽനിന്നും 2016-17 രണ്ട് അർദ്ധവർഷത്തെയും സ്ഥാപനനികുതിയും ജീവനക്കാരുടെ തൊഴിൽനികുതിയും ഒടുക്കിയിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.9/16-17 തീയതി.12-07-17 ) മാവേലിസ്റ്റോറിന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 2-2 വാടക ഒടുക്ക് വരുത്തിയിട്ടില്ല

പഞ്ചായത്തിലെ 2 സ്റ്റാളുകൾ വാടകയ്ക്കെടുത്തിരിക്കുന്നവർ വാടക കുടിശ്ശിക വരുത്തിയിരിക്കുന്നു. വിശദാശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൾ നം | മാസവാടക | കുടിശ്ശിക | അഭിപ്രായം |
|---|---|---|---|
| 2 | 750 | 6000 | 06/16മുതലാണ് വാടകയ്ക്കെടുത്തിരിക്കുന്നത്. 8/16 മുതൽ 3/17 വരെ വാടക ഒടുക്കുവരുത്തിയിട്ടില്ല. (750x8) |
| 4 | 550 | 4400 | 6/16മുതലാണ് വാടകയ്ക്കെടുത്തിരിക്കുന്നത്, 8/16 മുതൽ 3/17 വരെ വാടക ഒടുക്കുവരുത്തിയിട്ടില്ല. (550x8) |

കുടിശ്ശിക വരുത്തിയ തുക വാടകക്കാരിൽ നിന്നും പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്ട്രീറ്റ് ലൈറ്റ് (എൽ.ഇ.ഡി സ്പോർട്ട് ലൈറ്റ്) വാങ്ങലും സ്ഥാപിക്കലും

ധനകാര്യ കമ്മിഷൻ ഗ്രാന്റ് 5 ലക്ഷം രൂപ വകയിരുത്തി നടപ്പാക്കിയ പ്രോജക്ടിൽ 4,50,000/- രൂപ ഉപകരണങ്ങൾ വാങ്ങാനും 50,000/- രൂപ സൂപ്പർവിഷൻ ചാർജ്ജായുമാണ് വകയിരുത്തിയിരുന്നത്. ഉപകരണങ്ങൾ വാങ്ങാൻ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കൊച്ചുമേലതിൽ ഏജൻസീസിന്റെ ടെണ്ടർ അംഗീകരിച്ചു. 20 വാട്ട് ക്രോംപ്റ്റൺ ലാമ്പ് 1900/- രൂപ നിരക്കിലും 20 വാട്ട് ലൂമിനാ 1525/- രൂപ നിരക്കിലുമാണ് ടി സ്ഥാപനം സപ്ലൈ ചെയ്യാൻ സന്നദ്ധത അറിയിച്ചിരുന്നത്. സാധനം സപ്ലൈ ചെയ്ത ബില്ലിൽ 25 വാട്ട് എൽ.ഇ.ഡി 150 എണ്ണത്തിന്റെ വിലയായി 2,85,001/-രൂപ സ്ഥാപനം ആവശ്യപ്പെടുകയും ആയത് നൽകുകയും ചെയ്തു (29-3-2017) .

പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) കൊച്ചുമേലതിൽ ഏജൻസീസ് സമർപ്പിച്ച ടെണ്ടറിൽ 25 വാട്ട് ക്രോംപ്റ്റൺ ലാമ്പിന്റെ വില ക്വോട്ട് ചെയ്തിരുന്നില്ല. ഫൈനൽ ബില്ലിൽ സപ്ലൈ ചെയ്ത ബ്രാൻഡ് ഏതെന്നും വ്യക്തമാക്കിയിട്ടില്ല. വ്യത്യസ്ത ബ്രാന്റുകൾക്ക് വ്യത്യസ്ത നിരക്കായതിനാൽ സപ്ലൈ ചെയ്ത സാധനം ഏതെന്ന് വ്യക്തമാക്കാത്ത നിലയ്ക്ക് നൽകിയ വിലയുടെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല

2)ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൈപ്പറ്റിയ ലാമ്പുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന് രേഖകളില്ല.

3) ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം 150 ലാമ്പുകൾ ഒരു വാർഡിൽ 10 എന്ന കണക്കിന് സ്ഥാപിച്ചതിന് സൂപ്പർവിഷൻ ചാർജ്ജായി 2775/- രൂപ കെ.എസ്.ഇ.ബിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ലൈറ്റുകൾ ഏതെല്ലാം പോസ്റ്റുകളിലാണ് സ്ഥാപിച്ചതെന്നുള്ള വ്യക്തമായ സാക്ഷ്യപ്പെടുത്തൽ കൂടാതെയാണ് സൂപ്പർവിഷൻ ചാർജ് നൽകിയിട്ടുള്ളത്. ലാമ്പുകൾ സ്ഥാപിച്ച പോസ്റ്റുകളുടെ വിവരം ഉൾക്കൊള്ളിച്ചുകൊണ്ട് തെരുവുവിളക്ക് പരിപാലനരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആയതിനാൽ മേൽ പ്രോജക്ടിനായി ചെലവായ തുക (2,87,776/-രൂപ)യുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു. മേൽ വിഷയങ്ങൾക്കുള്ള വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 3-2 ലാൻ കണക്ഷനായി കെൽട്രോണിന് നൽകിയ തുക-പൂർത്തീകരണ രേഖകൾ ലഭ്യമല്ല

പ്രോജക്ട് നം.74/17-ൽപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ ലാൻ കണക്ഷൻ സ്ഥാപിക്കു ന്നതിനായി 90,019 രൂപ പ്രോഫോർമ ഇൻവോയിസ് നം.16-17/9959 /28.3.17 പ്രകാരം കെൽട്രോണിന് നൽകി. (ഡി.ഡി.നം. 570788/31.3.2017 —44,890/-രൂപ ,വൗച്ചർനം-21600728/16.2.2017—45,129/-). പ്രവൃത്തി പൂർത്തിയായി ഫൈനൽ ബിൽ നൽകാതെയാണ് തുക കൈമാറിയത്. മേൽ രേഖകൾ, പൂർത്തീകരണ സാക്ഷ്യപത്രം ഇവ ലഭ്യമാക്കേണ്ടതാണ്. 90,019/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| പ്രോജക്ട് | ചെലവ് തുക | ബിൽ നം/ഡി.ഡി.നം | റിമാർക്ക്സ് |
|---|---|---|---|
| ഐ.കെ.എം വിഹിതം നൽകൽ 37/17 | 70,000 (പദ്ധതി വിഹിതം-ജനറൽ) 34,766 (തനത്ഫണ്ട്) | 13/17.10.15 ചെക്ക് നം. 694515/20.12.16 | തുകയുടെ കൈപ്പറ്റുവിവരം , വിനിയോഗം ഇവ ലഭ്യമാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| വികലാംഗർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ,72/17 | 3,62,500/- (പദ്ധതി വിഹിതം- ജനറൽ) | 15/30.12.2016 | ജില്ലാപഞ്ചായത്ത് സെക്രട്ടറിയ്ക്ക് നൽകിയ തുകയുടെ വിനിയോഗം ലഭ്യമാക്കിയിട്ടില്ല |
| ആകെ | 4,67,266/- | | |

വിനിയോഗ രേഖകൾ ലഭ്യമാക്കും വരെ 4,67,266/-രൂപയുടെ വിനിയോഗം തടസ്സപ്പെടുത്തുന്നു.

## 3-4 കുടിവെള്ള പദ്ധതി- പമ്പ് ഓപ്പറേറ്ററുടെ വേതനം നൽകിയത്

ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് അവയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കണമെന്നിരിക്കെ ശിങ്കാരപ്പള്ളി കുടിവെള്ളപദ്ധതിയിൽ അപ്രകാരം ചെയ്തു കാണുന്നില്ല. മേൽ കുടിവെള്ളപദ്ധതിയുടെ പ്രവർത്തനത്തിന്റെ ഭാഗമായി പമ്പ് ഓപ്പറേറ്റർ ശ്രീ.അബുവിന് തനതുഫണ്ടിൽ നിന്നും വേതനം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ചെക്ക് നം | തുക | റിമാർക്ക്സ് |
|---|---|---|
| 28618/15.4.16 | 4633 | പമ്പ് ഓപ്പറേറ്റർ ശ്രീ. അബുവിന്റെ 11/15 മുതൽ 3/16 വരെയുള്ള വേതനം |
| 348377/20-06-16 | 2000 | -ടി- 4/16 മുതൽ 5/16 വരെയുള്ള വേതനം |
| 34829/6-09-16 | 3000 | -ടി- 6/16 മുതൽ 8/16 വരെയുള്ള വേതനം |
| ആകെ | 9,633 | |

മേൽ വിഷയം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 9,633 രൂ തടസ്സപ്പെടുത്തുന്നു. സ.ഉ(സാ.ധാ.)നം.1275/09 തസ്വഭവ, 30.05.2009-ലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, കുടിവെള്ള പദ്ധതിയുടെ നടത്തിപ്പ് ഗുണഭോക്തൃസമിതിയെ ഏൽപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ഭവന പുനരുദ്ധാരണം ജനറൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

2016-17 ൽ സ്പിൽഓവറായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ഭവനപുനരുദ്ധാരണം ജനറൽ പദ്ധതി (പ്രോജക്ട് നം.66/17)യ്ക്ക് വേണ്ടി വികസനഫണ്ടിൽ നിന്നും 1,75,000/-രൂപ വകയിരുത്തിയതിൽ 1,75,000/-രൂപ (ബിൽ നം.3/16-17 തീയതി-20-03-17) ചെലവഴിച്ച് 7 പേർക്ക് 25,000/-രൂപ വീതം ഭവനപുനരുദ്ധാരണത്തിനായി നൽകുകയുണ്ടായി.

1.ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ആരും തന്നെ എസ്റ്റിമേറ്റ് നൽകിയിട്ടില്ല.
2.എൽ.എസ്.ജി.ഡി എഞ്ചിനീയർ/ഓവർസിയർ തയ്യാറാക്കിയ വിശദമായ വാലുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.എല്ലാ ഗുണഭോക്താക്കൾക്കും മുഴുവൻ തുകയും ഒറ്റ ഗഡുവായി നൽകിയിരിക്കുന്നു.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റന്വേഷണം നൽകിയതിന് (നം.3/16-17/11-07-17)മുഴുവൻ തുകയും ഒറ്റ ഗഡുവായി നൽകിയത് ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചതിനാലാണെന്നും വിശദമായ വാലുവേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയ്ക്ക് ആധാരമാക്കിയ രേഖകൾ ഹാജരാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## **3-6** മെഡിക്കലോഫീസർ **(പി.എച്ച്.സി)** മരുന്ന് വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല**-3,20,000/-**രൂപാ തടസ്സം

### 1)പാലിയേറ്റീവ്കെയർ പ്രോജക്ട് നം. 48/17

മേൽ പദ്ധതിയ്ക്കായി വികസനഫണ്ട് 4,00,000/-രൂപ വകയിരുത്തിയതിൽ നിന്നും ബിൽ നം.11/16-17/23-03-2017 പ്രകാരം 1,70,000/- രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. (PRF 3255/07-03-2017 തുക 95,000/-രൂപ ,PRF 3253/07-03-2017 തുക75,001/-രൂപ എന്നീ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം). ഈ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് മെഡിക്കലോഫീസർക്ക് ഓഡിറ്റന്വേഷണം നം.6/16-17/12-07-17 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 2)പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ പ്രോജക്ട് നം. 49/17

പദ്ധതിയ്ക്കായി മെയിന്റനൻസ് ഫണ്ട് റോഡിതരത്തിൽ നിന്നും 1,50,000/-രൂപ വകയിരുത്തിയതിൽ നിന്നും ബിൽ നം.8/16-17 /22-02-2017 പ്രകാരം 1,50,000/- രൂപ പിൻവലിച്ച് കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. (PRF

2081/03-02-2017 തുക-1,50,000/-രൂപ). ഈ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭിച്ചതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റന്വേഷണം നം.6/16-17 /12-07-17 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ സാഹചര്യത്തിൽ (1),(2) പ്രകാരമുള്ള ചെലവ് 3,20,000/-രൂപ (1,70,000+1,50,000) തടസ്സത്തിൽ വയ്ക്കുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

## 3-7 കിടാരി വളർത്തൽ -ഇൻഷ്വർ വിശദാംശങ്ങളില്ല, മാർഗരേഖാ നിർദ്ദേശം പാലിച്ചില്ല

1)പ്രോജക്റ്റ് -കിടാരിവളർത്തൽ (വനിത, ജനറൽ)നം.14/17

നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ- 6,00,000/- രൂപ
(വികസനഫണ്ട്-2,70,000/-രൂപ
ഗു.വി -3,00,000/- രൂപ

തനത് ഫണ്ട് -30,000/- രൂപ)

ചെലവ് -1,35,000/-(ബിൽ നം.5/16-17/28-03-17)

2)പ്രോജക്റ്റ് -കിടാരിവളർത്തൽ
(വനിത,എസ്.സി.പി))നം.15/17

നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

അടങ്കൽ -1,60,000/-രൂപ
(വികസനഫണ്ട്-1,20,000/-രൂപ
ഗു.വി -40,000/- രൂപ)

ചെലവ് -75,000/-(ബിൽ നം.6/16-17തീയതി.28-03-17)

പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ

1.പ്രോജക്റ്റ് നം.14/17ന്റെ ഭാഗമായി ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന 7 ഗുണഭോക്താക്കൾ വാങ്ങിയ കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല

1.ഗിൽഡ,നീതുഭവൻ

2.വിജയമ്മ,വി.വി.നിവാസ്

3.ഷീജ,ഉണ്ടുതറപുത്തൻവീട്

4.സിന്ധുഹരി,വടശ്ശേരിയിൽ

5.ഇന്ദിരാദേവി, ഇന്ദുനിവാസ്

6.ഉഷാകുമാരി,ശിവസദനം

7.കനകമ്മ, പരുവേലിൽവീട്

2)പ്രോജക്ട് നം.15/17ന്റെ ഭാഗമായി ആനുകൂല്യം കൈപ്പറ്റിയ താഴെപ്പറയുന്ന 4 ഗുണഭോക്താക്കൾ വാങ്ങിയ കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

1)സുലതാകുമാരി,നയനാകോട്ടേജ്

2)സിന്ധു.ആർ,അഹന്യാഭവൻ

3)ശ്യാമലത.ആർ,പരിയാരത്ത് വീട്

4)ശാന്ത,ആരോമൽ

ജി.ഓ(എം.എസ്)നം.4/2016 തസ്വഭവ തീയതി.11-01-2016 പ്രകാരം 18 മാസമെങ്കിലും പ്രായമുള്ള കിടാരികളെ വേണം വാങ്ങി നൽകേണ്ടതെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നം.14/17 ൽ ആനുകൂല്യം കൈപ്പറ്റിയ 27 ഗുണഭോക്താക്കളിൽ 19 പേരും ഒരു വയസ്സായ കിടാരികളെയും പ്രോജക്ട് നം.15/17ൽ ആനുകൂല്യം കൈപ്പറ്റിയ 10 ഗുണഭോക്താക്കളിൽ 6 പേരും ഒരു വയസ്സായ കിടാരികളെയും ആണ് വാങ്ങിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് (നം.10/16-17/14-07-2017) ഇൻഷ്വർ രേഖകൾ ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഒരു വയസ്സ് മാത്രം പ്രായമുള്ള കിടാരികളെ വാങ്ങി നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 മൽസ്യ തൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും നൽകൽ വിതരണം ചെയ്യാത്ത ഫർണിച്ചറിന്റെ വില 16000/- രൂപ തടസ്സം

മൽസ്യ തൊഴിലാളികളുടെ മക്കളായ സ്കൂൾകുട്ടികൾക്ക് മേശയും കസേരയും നൽകൽ (പ്രോജക്ട് നം.70/2017) പദ്ധതിക്കായി വികസനഫണ്ടിൽ നിന്നും 1,16,000/-രൂപ വകയിരുത്തിയതിൽ മുഴവൻ തുകയും ചെലവഴിച്ച് (ബിൽ നം. 1/16-17/.29-03-2017) 29 കുട്ടികൾക്ക് നൽകുവാൻ വേണ്ടി മേശയും കസേരയും വാങ്ങി. 25 കുട്ടികൾ മാത്രമേ ആയവ കൈപ്പറ്റിയിട്ടുള്ളൂ. വിതരണം ചെയ്യാത്ത 4

വീതം മേശയും കസേരയും ചിറ്റമല കമ്മ്യൂണിറ്റി ഹാളിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് ഓഡിറ്റന്വേഷണത്തിന് (നം.5/16-17 /11-07-2017) മറുപടിയായി അറിയിച്ചിരിക്കുന്നു. അവശേഷിക്കുന്ന 4 കുട്ടികളുടെ രക്ഷാകർത്താക്കൾ എത്താതിനാലാണ് വിതരണം ചെയ്യാത്തതെന്ന് നിർവ്വഹണോദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർ അറിയിച്ചിരിക്കുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന 4 മേശയുടെയും കസേരയുടെയും വിലയായ 16,000/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. ഫർണിച്ചർ വിതരണം ചെയ്ത വിവരം അറിയിക്കുന്ന മുറയ്ക്ക് തടസ്സവാദം ഒഴിവാക്കുന്നതാണ്.

## **3-9** <u>ഗവൺമെന്റ് ഉത്തരവിന് വിരുദ്ധമായി മുൻകൂർ തുക നൽകി-വിനിയോഗ സാക്ഷ്യപത്രമില്ല-**2,00,000/-**രൂപ തടസ്സപ്പെടുത്തുന്നു</u>

ഉപ്പൂട്-ചാലിൽ കോളനി കുടിവെള്ളപദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന 2,00,000/-രൂപ (എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 28-03-2017ലെ DB1(G)/PHD kk/1890/KTR/2016 നമ്പർ എസ്റ്റിമേറ്റിൻ പ്രകാരം) ബിൽ നം.15/16-17 തീ.29-03-2017 പ്രകാരം പിൻവലിച്ച് കേരളാ വാട്ടർഅതോറിറ്റിയിൽ നൽകിയിരിക്കുന്നു.

കുടിവെള്ള പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ജി.ഒ (പി) നം.311/14/ ഫിൻ തീയതി- 30-07-2014 പ്രകാരം ആദ്യ ഗഡുവായി എസ്റ്റിമേറ്റ് തുകയുടെ 20%വും 2 മുതൽ 6 വരെ തുല്യ ഗഡുക്കളായി എസ്റ്റിമേറ്റിന്റെ 15% വീതവും പദ്ധതി പൂർത്തീകരിച്ച് നിരീക്ഷണകാലയളവ് കഴിയുമ്പോൾ അവശേഷിക്കുന്ന 5% തുകയുമാണ് നൽകേണ്ടത്. മേൽ ഉത്തരവിൽ നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ പദ്ധതിയ്ക്കായി ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം, വാട്ടർ അതോറിറ്റിയുമായി ഏർപ്പെട്ട കരാർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, മുൻകൂറായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് മുഴുവൻ തുകയും ഡെപ്പോസിറ്റ് ചെയ്തെങ്കിൽ മാത്രമേ വാട്ടർ അതോറിറ്റി ടെണ്ടർനടപടികൾ സ്വീകരിക്കുകയുള്ളൂവെന്ന് അറിയിച്ചതിനാലാണ് അപ്രകാരം ചെയ്യേണ്ടി വന്നതെന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി വിശദീകരണം ലഭ്യമാക്കിയിരിക്കുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി രേഖകൾ ലഭ്യമാക്കുംവരെ 2,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## **3-10** <u>ഓട്ടോറിക്ഷ വാങ്ങുവാൻ ധനസഹായം ബാഡ്ജ് പുതുക്കി ഹാജരാക്കേണ്ടതാണ്.</u>

പട്ടികജാതിവിഭാഗത്തിലുൾപ്പെട്ട യുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ പദ്ധതിയ്ക്കായി വികസനഫണ്ട് (എസ്.സി.പി)ൽ 6,00,000/- രൂപ വകയിരുത്തിയതിൽ നിന്നും 4,00,000/- രൂപ ചെലവഴിച്ച് 8 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷാ വാങ്ങുവാൻ അസിസ്റ്റന്റ് സെക്രട്ടറി ധനസഹായം നൽകിയിട്ടുണ്ട്.

1) ടി ആനുകൂല്യം കൈപ്പറ്റിയ ശ്രീ.സന്തോഷ് കുമാർ (ലൈസൻസ് നം.24/350 /2009) ന്റെ ബാഡ്ജിന്റെ കാലാവധി 22-01-2012-ൽ അവസാനിച്ചിട്ടുള്ളതാണ്. ടിയാൻ ബാഡ്ജ് പുതുക്കിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കുവാൻ ഓഡിറ്റന്വേഷണം (നം.7/16-17/ 12-07-2017) നൽകിയതിന് ബാഡ്ജ് പുതുക്കുവാൻ ആർ.റ്റി.ഒ ഓഫീസിൽ രേഖകൾ സമർപ്പിച്ചിരിക്കുകയാണെന്നും പുതുക്കി ലഭ്യമാകുന്നമുറയ്ക്ക് ഓഡിറ്റിനെ ബോധ്യപ്പെടുത്തുമെന്നും അറിയിച്ചിട്ടുണ്ട്.

2)ശ്രീ.ബിജുകുമാർ.ജി എന്ന വ്യക്തി ഹാജരാക്കിയിരിക്കുന്ന ലൈസൻസിൻ പ്രകാരം ടിയാന്റെ ബാഡ്ജ് കാലാവധി 12-05-2001-ൽ അവസാനിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്ന ലൈസൻസിന്റെ പകർപ്പ് വ്യക്തമല്ല. ആയതിനാൽ ടിയാന്റെ ലൈസൻസിന്റെ പകർപ്പ് ഹാജരാക്കുവാൻ ഓഡിറ്റന്വേഷണം (നം.7/16-17/12-07-2017)നൽകിയതിന് ബുക്ക്‌രൂപത്തിലുള്ള ലൈസൻസ് കാർഡ് രൂപത്തിലാക്കുന്നതിന് ആർ.റ്റി.ഒ ഓഫീസിൽ രേഖകൾ സമർപ്പിച്ചിരിക്കുകയാണെന്നും പുതുക്കി ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-11 ലാപ്ടോപ്പ് വിതരണം-3 എണ്ണം വിതരണം ചെയ്തിട്ടില്ല-74100/- രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ ബിരുദബിരുദാനന്തര പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പട്ടികജാതിവിഭാഗത്തിലുൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ പദ്ധതിയ്ക്കായി (പ്രോജക്ട് നം.59/17) വികസനഫണ്ട് (എസ്.സി.പി) ൽ നിന്നും 2,00,000/- രൂപ വകയിരുത്തിയതിൽ നിന്നും 1,97,600/-രൂപ (ബിൽ നം.12/16-17/29-03-2017) ചെലവഴിച്ച് ഓർബിറ്റ് വയർലെസ് വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും 8 ലാപ്ടോപ്പുകൾ വാങ്ങി. ആയതിൽ 5 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. 3 ലാപ്ടോപ്പുകൾ വിതരണം ചെയ്യാഞ്ഞതിന് കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റന്വേഷണം (നം. 9/16-17/.14-07-17) നൽകിയതിന് 3 കുട്ടികൾ അവർ പഠിക്കുന്ന സ്ഥാപനങ്ങളിൽനിന്നുള്ള രേഖകൾ ഹാജരാക്കാത്തതിനാലാണ് ലാപ്ടോപ് നൽകാത്തതെന്ന് അറിയിച്ചിട്ടുണ്ട്. ഇവ അർഹരായവർക്ക് വിതരണം

ചെയ്യും വരെ 3 ലാപ്ടോപ്പുകൾക്ക് ചെലവഴിച്ച 74,100/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലുൾപ്പെടുത്തി മരുന്ന് വാങ്ങുന്നതിനായി ഔഷധിയിൽ തുക മുൻകൂറായി നിക്ഷേപിച്ചിരുന്നുവെങ്കിലും മരുന്നുകൾ ഇനിയും ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരം | നിക്ഷേപിച്ച തുക, സ്ഥാപനം | ഡി.ഡിനം ബിൽ നം,തീയതി | ലഭ്യമാക്കിയ മരുന്നുകളുടെ വില | ലഭ്യമാക്കാന വശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| വൃദ്ധർക്കുള്ള പ്രതിരോധ ചികിത്സാപദ്ധതിമുഖേന മരുന്നു വാങ്ങൽ,73/17 | 2,80,494/- | 2/30-12-16 –175494,4 /30-3-17 –1,05,000/- | 1,29,851 | 1,50,643 |
| ആയുർവേദ ആശുപത്രി മരുന്നുവാങ്ങൽ,47/17 | 1,25,000/- (ഔഷധി) | 1/30-12-16 | 47,606 | 77,394 |

2,28,037/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ച് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 ടെണ്ടർ കുറവ് വരുത്തിയിട്ടില്ല- 2366/-രൂപയുടെ നഷ്ടം

ഒലിപ്പൻ ചാലിൽ പെരിങ്ങറക്കടവ് വരെ ഓട നിർമ്മാണം (പ്രോജക്ട് നം-118-17) എന്ന പ്രവൃത്തി ധനകാര്യകമ്മിഷൻ ഗ്രാന്റ് 2,00,000/- രൂപ വകയിരുത്തി നടപ്പാക്കി. പ്രവൃത്തി ടെണ്ടർ ചെയ്തതിൽ എസ്റ്റിമേറ്റിൽ നിന്നും 1.20 ശതമാനം കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.സന്തോഷ് കുമാറിന്റെ ടെണ്ടർ അംഗീകരിച്ച് എഗ്രിമെന്റ് വച്ച്( നം.23-16/17-11.1.17) പൂർത്തിയാക്കി. ആകെ മൂല്യം കണക്കാക്കിയ 1,97,221/- രൂപ ബിൽ നം-18/29.3.17 പ്രകാരം ചെലവുചെയ്തു. ടെണ്ടർ കുറവ് കണക്കാക്കാതെ ചെലവുചെയ്തതിനാൽ 2366/- രൂപയുടെ അധികചെലവുണ്ടായി. അധികം ചെലവായ തുക നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/17.7.17) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-14 കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയത് നിരാകരിക്കുന്നു

ചുവടെ ചേർക്കുന്ന റോഡ് പ്രവൃത്തികളിൽ 1:2:4 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന് ഡി.എസ്.ആർ 4.1.3 എന്ന ഇനത്തിന്റെ നിരക്ക് അനുവദനീയമായിരിക്കെ 11.4 എന്ന ഇനപ്രകാരം അധികനിരക്ക് നൽകി. ഈ ഇനത്തിൽ 13,078/-രൂപ അധികം ചെലവുവരുത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിവരം | കരാറുകാരൻ | ചെയ്ത പ്രവൃത്തിയുടെ അളവ് | അനുവദനീയ മായ നിരക്ക്, നൽകാവുന്ന തുക | നൽകിയ നിരക്ക്, തുക | ചെലവ് തുക , ബിൽ നം, തീയതി |
|---|---|---|---|---|---|---|
| 1 | കോടിയാട്ടുമുക്ക് -മഹാദേവർ ചരിവ്- പരിയാരം റോഡ് കോൺക്രീറ്റിംഗും ക്വാറിമക്ക് ഫില്ലിംഗും,80-17 | ശ്രീ.രാജ്കുമാർ | $19.65m^3$ | @7756.68= 152418.76/- | @8172.30= 160585.69/- | 8166.93/- |
| 2 | കിഴക്കേകല്ലട മൃഗാശുപത്രി മെയിന്റനൻസ്,96-17 | ശ്രീ. മുഹമ്മദ് ഖുറേഷി | $5.82m^3$ | @7756.68= 45143.88 | @8172.30= 47562.79/- | 2418.91/- |
| 3 | മുള്ളഞ്ചാണി -കയർ സംഘം റോഡ് കോൺക്രീറ്റിംഗ്,88/17 | ശ്രീ. രാജ്കുമാർ | $5.998m^3$ | @7756.68= 46524.56/- | @8172.30= 49017.46/- | 2492.9/- |
| ആകെ | | | | | | 13078.74 |

ക്രമനം.2 ആകെ പ്രവൃത്തിമൂല്യം 1,36,353/- രൂപയാണെന്നിരിക്കെ 1,32,262 രൂപയാണ് ബിൽനം. 12-9.3.17 പ്രകാരം നൽകിയിരിക്കുന്നത്. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം ചെലവായ തുക 13078/- രൂപ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 3-15 പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം- ഫൈൻ ഈടാക്കിയതിൽ കുറവ്

അംഗൻവാടി കോമ്പൗണ്ട് വാൾ നിർമ്മാണം, 82-17

മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)-226000/- രൂപ

എം.ബുക്ക് നം-63-15.16,18-16.17

എഗ്രിമെന്റ് നം-46-15.16-26.11.2015

പ്രവൃത്തി ആരംഭിച്ച തീയതി-26.11.2015

പ്രവൃത്തി പൂർത്തിയായ തീയതി-3.3.2017

കരാറുകാരൻ -ശ്രീ.രാജ്കുമാർ

ആകെ പ്രവൃത്തിമൂല്യം-2,20,157/-രൂപ

പ്രവൃത്തിയുടെ പൂർത്തീകരണത്തിന് 12 മാസത്തെ കാലതാമസം വരുത്തിയതിന് ആദ്യ 3 മാസത്തേക്ക് കരാർ തുകയുടെ 1 ശതമാനവും അടുത്ത മൂന്ന് മാസത്തേക്ക് 2 ശതമാനവും എന്ന നിരക്കിൽ ആകെ 15,820/- രൂപ ഈടാക്കേണ്ടിയിരുന്നതിനു പകരം കേവലം 6604.7/- രൂപയാണ് ഈ ഇനത്തിൽ കരാറുകാരനിൽ നിന്ന് ഈടാക്കിയത്. പ്രവൃത്തിയുടെ നിർവ്വഹണ കാലയളവിൽ പ്രവൃത്തി നടത്തുന്നതിന് ഏതെങ്കിലും തരത്തിൽ ബുദ്ധിമുട്ട് നേരിട്ടതായി കാണുന്നില്ല. മേൽ വിഷയത്തിൻമേൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/17.7.17) മറുപടി ലഭ്യമാക്കിയിട്ടില്ല. കുറവായി ഈടാക്കിയ ഫൈൻ 9,215/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്ന് ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 3-16 ഒന്നാം മെറ്റലിംഗിൽ മാത്രം ഒതുക്കി പ്രോജക്ടുകൾ തയ്യാറാക്കിയത് സംബന്ധിച്ച്

ചുവടെ ചേർക്കുന്ന റോഡ് പ്രവൃത്തികൾ ഒന്നാം മെറ്റലിംഗ് മാത്രം ഉദ്ദേശിച്ചുകൊണ്ട് പ്രോജക്ട് രൂപീകരിച്ചു കാണുന്നു. ആദ്യ മെറ്റലിംഗ് മാത്രം നടത്തിയ റോഡുകൾ കോൺക്രീറ്റിംഗിന്റെ അഭാവത്തിൽ പെട്ടെന്ന് നശിക്കാനിടയാകുന്നതും ഗുണമേൻമ ഉറപ്പുവരുത്തുന്നതുമല്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| പ്രോജക്ടിന്റെ വിവരം | കരാറുകാരൻ | ഒന്നാം മെറ്റലിംഗിന്റെ ചെലവ് | ബിൽ നം,തീയതി |
|---|---|---|---|
| കണ്ടത്തിൽ കോളനി-അംഗൻവാടി റോഡ്,93/17,എം.ബുക്ക് നം-1-16.17,119.5 മീറ്റർ ഒന്നാം മെറ്റലിംഗ് | ശ്രീ. രാജേന്ദ്രബാബു | 125630 | 1/25-11-16 |

| | | | |
|---|---|---|---|
| തുണ്ടുവിള മണക്കടവ് റോഡ് പാർശ്വഭിത്തി നിർമ്മാണവും മെറ്റലിംഗും,98/17,എം.ബുക്ക് നം-58-15.16,238 മീറ്റർ ഒന്നാം മെറ്റലിംഗ് | ശ്രീ.അനിൽജിത്ത് | 189428.55 | 301518/-2 /25-11-16 |
| തറയിൽ ജംഗ്ഷൻ അമ്പിയിൽ തോട് റോഡ് മെറ്റലിംഗ്,120/17,എം.ബുക്ക് നം-20-16.17,110 മീറ്റർ ഒന്നാം മെറ്റലിംഗ് | ശ്രീ.രാജേന്ദ്രബാബു | 124702 | 21/29.3.17 |
| നിലമേൽ ജംഗ്ഷൻ- അംഗൻവാടി റോഡ് ഒന്നാംഘട്ട മെറ്റലിംഗ്,109/17, എം.ബുക്ക് നം-19-16.17,280 മീറ്റർ ഒന്നാം മെറ്റലിംഗ് | ശ്രീ.ഗോപാലകൃഷ്ണപിള്ള | 285141 | 23/29.3.17 |

മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായുള്ള കോൺക്രീറ്റിംഗ് പ്രവൃത്തികൾ തുടർ വർഷത്തിൽ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

## 3-17 കിഴക്കേ കല്ലട കമ്മ്യൂണിറ്റി ഹാൾ കോമ്പൗണ്ടിൽ ഹോമിയോ ആശുപത്രിയ്ക്ക് കെട്ടിട നിർമ്മാണം, (91/17)പൂർത്തിയായിട്ടില്ല.

ധനകാര്യകമ്മിഷൻ ഗ്രാന്റ്-12,85,000/- രൂപ

കരാറുകാരൻ- ശ്രീ.നസീർ.കെ.എസ്

എഗ്രിമെന്റ് നം-453(a)/AEE/CTML/15-16/10.9.15

ചെയ്ത പ്രവൃത്തിയുടെ മൂല്യം 9,21,246/- രൂപയായി കണക്കാക്കി നിയമാനുസൃതമായ കിഴിവുകൾ കുറച്ച് പാർട്ട്ബില്ലായി 7,46,217/- രൂപ ബിൽ നം-26-31.3.17 പ്രകാരം ചെലവഴിച്ചു. എന്നാൽ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് കാണിച്ച് നം.AE/LSGD/EKGP/52/17 /4.5.17പ്രകാരം കരാറുകാരൻ കത്ത് നൽകി. പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതുമാണ്.

## 3-18 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമ പഞ്ചായത്തിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 48363 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. തൻവർഷം ഏറ്റെടുത്ത പദ്ധതികൾക്കായി 1,17,38,168/- രൂപയും മുൻവർഷത്തെ സ്പിൽ ഓവർ പദ്ധതികൾക്കായി 47,78,832/- രൂപയുമുൾപ്പെടെ ആകെ 1,65,17,000/- രൂപയുടെ വേതനഘടകമുൾപ്പെട്ടുത്തി പ്രവൃത്തികൾ നടപ്പാക്കി. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ ഇനം | ചെലവ് തുക |
|---|---|
| ഭൂവികസനം | 4213196 |
| വെള്ളപ്പൊക്ക നിയന്ത്രണം | 2677492 |
| ജല സംരക്ഷണം | 3855810 |
| മണ്ണ് സംരക്ഷണം | 122990 |
| വരൾച്ച നിയന്ത്രണം | 513520 |
| ഭവനനിർമ്മാണം | 355160 |
| ആകെ | 1,17,38,168 |

**വേതനം നൽകുന്നതിലെ കാലതാമസം- പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾക്ക് വിരുദ്ധം**

ദാരിദ്ര്യലഘൂകരണം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടിലൂടെ തൻവർഷം 48363 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. വേതനമിനത്തിൽ തൊഴിലാളികൾക്ക് നൽകേണ്ട 1,65,17,000/- രൂപയിൽ 12,25,390/- രൂപ മാത്രമാണ് നാളിതുവരെ നൽകിയിട്ടുള്ളത്. തൊഴിലാളികൾക്ക് നൽകേണ്ട 42,66,610/-രൂപ നാളിതുവരെ വിതരണം ചെയ്യാൻ അവശേഷിക്കുന്നു. ഈ നടപടി പദ്ധതി ലക്ഷ്യസാക്ഷാത്ക്കാരത്തിന് വിരുദ്ധമാണ്. ഈ വിഷയത്തിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 36250 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 36250 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 85500 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 85500 | - |
| ജില്ലാ പഞ്ചായത്ത് | 2016-17 | 90000 | സമഗ്രനെൽകൃഷിവികസനം | 90000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 36250 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 36250 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 75000 | ശാരീരിക മാനസിക വെല്ലുവിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് | 75000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 240000 | സമഗ്രനെൽകൃഷിവികസനം | 240000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 200000 | ക്ഷീരസംഘങ്ങൾ വഴി പാലിന് സബ്സിഡി | 200000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 200000 | തുണ്ടിൽ മുക്ക്-കായൽ വാരത്ത് മേലതിൽ റോഡ് കോൺക്രീറ്റിംഗ് | 200000 | - |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 84000 | ജൈവപച്ചക്കറികൃഷി | 84000 | - |

| | | | | | |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 75000 | പാലിയേറ്റീവ് കെയർ | 0 | 75000 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 175000 | വാറുവിള-പ്ളാവിള റോഡ് പാർശ്വഭിത്തി നിർമ്മാണം | 0 | 175000 |
| ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 150000 | പറങ്കിമാം വിളതെക്കേ അറ്റത്ത് വിള റോഡ് 2ാം മെറ്റലിംഗും ടാറിംഗും | 0 | 150000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർഅതോറിറ്റി | പൈപ്പ് ലൈൻനീട്ടൽ | 21600942 /28-03-17 | 2,00,000 | - | 2,00,000 |
| പൊതുമരാമത്ത് വകുപ്പ് | അങ്കണവാടി വയറിംഗ് | 21600972 /31-03-17 | 1,79,650 | - | 1,79,650 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി വായ്പാ തിരിച്ചടവ് | 522/2010തസ്വഭവ തീയതി.17-02-2010 | 1,07,65,000 | 15,32,000 | 6,15,433 | - | 9,16,567 |

•

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻ വർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ്റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2010-11, 2011-12 | 3.11 | 2014-15 | 4-1-10 | വൃദ്ധസദനത്തിന് റിവോൾവിംഗ് ചെയർ | 2017-18ൽ വയോജനമിത്രം പകൽവീട് സ്പിൽഓവർ പ്രോജക്ടിന് അംഗീകാരം കിട്ടിയിട്ടുണ്ട്. |
| 2012-13 | 1.4 | 2014-15 | 4-1-06 | കൃഷിഭവൻ കെട്ടിടം പുനരുദ്ധാരണം | കൃഷിഭവൻ കെട്ടിടം മെയിന്റനൻസും ഇലക്ട്രിഫിക്കേഷനും നടത്തി ഉപയോഗ പ്രദമാക്കിയിട്ടുള്ളതാണ്.ഉടൻ തന്നെ ടി കെട്ടിടത്തിലേയ്ക്ക് ഓഫീസ് പ്രവർത്തനം മാറ്റുന്നതാണ് |
| 2012-13 | 1.5 | 2014-15 | | മിനി സ്റ്റേഡിയം നിർമ്മാണം | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 48464444 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41189793 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24659/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1692831 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-13 | | 2366 | ശ്രീ. വിഷ്ണു.ആർ, അസി.എഞ്ചിനീയർ |
| 3-14 | | 13078 | ശ്രീ. വിഷ്ണു.ആർ, അസി.എഞ്ചിനീയർ |
| 3-15 | | 9215 | ശ്രീ. വിഷ്ണു.ആർ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 287776 | ശ്രീ.ജ്യോതിരാജ്,സെക്രട്ടറി |
| 3-2 | 90019 | ശ്രീ.ജ്യോതിരാജ്,സെക്രട്ടറി |
| 3-3 | 467266 | ശ്രീ.ജ്യോതിരാജ്,സെക്രട്ടറി |
| 3-4 | 9633 | ശ്രീ.സി.വൈ.ജോസ്,സെക്രട്ടറി |
| 3-6 | 320000 | ഡോ.അനുപ അലക്സ്, മെഡിക്കലോഫീസർ(പി.എച്ച്.സി) |
| 3-8 | 16000 | ശ്രീ.നൗഷർഖാൻ,സബ്ഇൻസ്പെക്ടർ ഫിഷറീസ് |
| 3-9 | 200000 | ശ്രീ.വിനയകുമാർ,അസി.സെക്രട്ടറി |

| | | |
|---|---|---|
| 3-11 | 74100 | ശ്രീ.വിനയകുമാർ,അസി.സെക്രട്ടറി |
| 3-12 | 228037 | ഡോ.കെ.എസ്.പ്രമോദ് കുമാർ,<br>മെഡിക്കൽ ഓഫീസർ(ആയുർവേദം) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളാ യവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വിഷ്ണു.ആർ,<br>അസി.എഞ്ചിനീയർ | | നന്ദനം,<br>റ്റി.സി.നം-55/1648/2<br>അമ്പനാട് ലൈൻ,<br>കൈമനം,<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 97-98 | കെ.എസ്.എ.കെ.എൽ.എം.പി.1484/15-11-12-15 |
| 98-99 | എൽ.എഫ്.ക്യൂപി.6/896/2000/5-11-01 |
| 99-2000 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |

| | |
|---|---|
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി.1/484/15-11-12-15 |
| 2005-06 | എൽ.എഫ്.ക്യൂപി.1/386/2014/26-6-14 |
| 2006-07 | എൽ.എഫ്.ക്യൂപി.1/386/2014//26-6-14 |
| 2007-08 | എൽ.എഫ്.ക്യൂപി.1/386/2014//26-6-14 |
| 2008-09 | എൽ.എഫ്.ക്യൂപി.1/386/2014//26-6-14 |
| 2009-10 | എൽ.എഫ്.ക്യൂപി.1/386/2014//26-6-14 |
| 2010-11&<br>2011-12 | എൽ.എഫ്.ക്യൂപി.2/430/2013/17-01-14 |
| 2012-13 | എൽ.എഫ്.ക്യൂപി.2/998/14/30-6-15 |
| 2013-14&<br>2014-15 | കെ.എൽ.എം പി1430/2016/26-03-16 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി 3/223/17 /14-02-2017 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## **4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി.4 –1446/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി –24/08/2017

### സാക്ഷ്യപത്രം 2016-17

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ കിഴക്കേകല്ലട ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം